**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3753** — **12-03-2025 - ൽ മറുപടിയ്ക്ക്**

**മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തി നിർമ്മാണം ആരംഭിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2022 - 23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ മരുത റോഡ് ടി.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിക്കായി 04.01.2023 തീയതിയിലെ ജി.ഒ(ആർ.ടി) നം. 3/2023/കാ.യു.വ സർക്കാർ ഉത്തരവ് പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ഇ-ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. എന്നാൽ അതിൽ യോഗ്യതയുള്ള ഒരു കരാറുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ 08.06.2023 തീയതിയിൽ ടി പ്രവൃത്തിയ്ക്ക് റീ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സിനോയ് പി.കെ-യുടെ ടെണ്ടർ, ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും 15.09.2023 തീയതിയിൽ പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 28% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിനായി 01.11.2024, 04.12.2024 & 20.02.2025 എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകുകയും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്റ്റേഡിയം എന്നത്തേയ്ക്ക് തുറന്നുനൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | നിർമ്മാണ പ്രവർത്തികൾ പുനരാരംഭിച്ച് 2025 നവംബർ മാസത്തോടു കൂടി സ്റ്റേഡിയം തുറന്നു നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ